തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ,

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും പോർട്ട് ഓപ്പറേറ്ററെ കണ്ടെത്താനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1 & ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്.

(സി) അടിസ്ഥാന സാകര്യങ്ങളിലൊന്നായ റോഡ് നിർമ്മാണം പുരോഗമിക്കുന്നു. റെയിൽ, ശുദ്ധജലം, വൈദ്യുതി എന്നിവയ്ക്കായുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കും.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് എസ്.ബി.റ്റി.-യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യവുമായുള്ള ചർച്ച നടന്നുവരുന്നു.

(ഇ) തുറമുഖത്തേക്കുള്ള റെയിൽ പാതയ്ക്ക് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചു. റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലും ഡി.പി.ആർ. തയ്യാറാക്കലും അന്തിമ ഘട്ടത്തിലാണ്. തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ വാട്ടർ അതോറിറ്റി വഴിയും വൈദ്യുതി എത്തിക്കുന്ന നടപടികൾ വൈദ്യുതി ബോർഡ് വഴിയും നടപ്പിലാക്കിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

2 (*26) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ പങ്കാളികളാവാൻ ഇതുവരെ എത്ര കമ്പനികളാണ് യോഗ്യതാപത്രം നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ വിദേശ പങ്കാളിത്തമോ പൂർണ്ണമായും വിദേശമായുള്ളതുമായ എത്ര കമ്പനികളുണ്ടായിരുന്നു; അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) യോഗ്യതാപത്രം നൽകിയിരുന്ന എല്ലാ കമ്പനികൾക്കും കേന്ദ്രത്തിൽനിന്നും സുരക്ഷാ അനുമതി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കമ്പനികളുടെ യോഗ്യതാപത്രം പരിശോധിച്ച് അന്തിമ ടെൻഡർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ കമ്പനികളിൽനിന്നും അന്തിമ ടെൻഡർ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ,

(എ) 14 കമ്പനികൾക്ക് യോഗ്യതാപത്രം നൽകിയിട്ടുണ്ട്

(ബി) ഇവയിൽ വിദേശ പങ്കാളിത്തമുള്ള മൂന്ന് കമ്പനികളും പൂർണ്ണമായും വിദേശത്തുള്ള ഒരു കമ്പനിയും ഉണ്ടായിരുന്നു. ആർ. എഫ്. പി. സമർപ്പിക്കുന്നതോടെ മാത്രമേ ഇവയുടെ വിശദവിവരം വ്യക്തമാകുകയുള്ളൂ.

(സി&ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം 2007-ലാണ് വിഴിഞ്ഞം തുറമുഖത്തിനുള്ള ആദ്യ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. അന്ന് ടെണ്ടർ സമർപ്പിച്ച കൺസോർഷ്യത്തിൽ ഒരു ചൈനീസ് കമ്പനികൂടി ഉൾപ്പെട്ടുവെന്ന കാരണം പറഞ്ഞുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ക്ലിയറൻസ് തരാതിരുന്നത്. അതിനുശേഷം ഇൻഡ്യാ ഗവൺമെന്റ് നിരവധി കരാറുകൾ ചൈനീസ് പ്രധാനമന്ത്രിയെ വിളിച്ച് ഒപ്പു വയ്ക്കുകയുണ്ടായി. ഇൻഡ്യയുടെ ഭാഗമായ കേരളത്തിൽ ഈ പദ്ധതി നടപ്പാകാതിരിക്കുന്നതിനുള്ള ഗൂഢലക്ഷ്യം കേന്ദ്ര ഗവൺമെന്റിനുണ്ട്. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സമ്മർദ്ദം ചെലുത്തിയ യു.ഡി.എഫ്.-ന്റെ തന്ത്രത്തിന്റെ ഭാഗമായിട്ടല്ലേ ഇതിന് യഥാസമയം അനുമതി കിട്ടാതിരിക്കുന്നത് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, 2005-ലാണ് വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യത്തെ ടെണ്ടർ നടപടികൾ ആരംഭിച്ചത്. അവസാനം സ്യും ഡെവലപ്പേഴ്സ് എന്ന കമ്പനിക്കാണ് ടെണ്ടർ കാട്ട് ചെയ്ത് കിട്ടിയത്. പക്ഷേ ചൈനീസ് കമ്പനിയുമായി നടത്തുന്ന കൺസോർഷ്യത്തിൽ ചൈനീസ് കമ്പനി ഉൾപ്പെട്ടിരുന്നതുകൊണ്ട് സെക്യൂരിറ്റി ക്ലിയറൻസ് ലഭിച്ചിട്ടില്ല. സെക്യൂരിറ്റി ക്ലിയറൻസ് ലഭിക്കാത്തതുകാരണം ആ നടപടികളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കഴിഞ്ഞ ബഡ്ജറ്റിൽ ഇതിന്റെ എക്സ്പെൻസസ്സിനുവേണ്ടി ഗവൺമെന്റ് 450 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതനുസരിച്ച് റെയിൽവേയുടേയും വൈദ്യുതിയുടേയും ശുദ്ധജല പദ്ധതികളുടേയുമൊക്കെ നടപടികൾ മുന്നോട്ടുകൊണ്ടു പോവുകയാണ്. ഇനി 14 കമ്പനികളുടെ കൺസോർഷ്യം ടെണ്ടറിന് സമർപ്പിച്ചിട്ടുള്ളതായി പറയുന്നതിൽ വിദേശ കമ്പനികളുമുണ്ട്. വീണ്ടും പ്രതിപക്ഷ പാർട്ടികളുടെ താൽപ്പര്യമനുസരിച്ച് ഏതെങ്കിലും കമ്പനികളുടെ പേരിൽ കേന്ദ്രഗവൺമെന്റ് തടസ്സപ്പെടുത്തുകയാണെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അതിപ്പോൾ പറയാൻ കഴിയുകയില്ല. കാരണം, എല്ലാ കമ്പനികളുടേയും സെക്യൂരിറ്റി ക്ലിയറൻസ് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആർ.എഫ്.ക്യൂ.-ന്റെ ഫൈനൽ സ്റ്റേജായാൽ മാത്രമേ സെക്യൂരിറ്റി ക്ലിയറൻസിനു വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കാൻ സാധിക്കുകയുള്ളൂ. എന്ത് സംഭവിക്കുമെന്ന് കിട്ടിക്കഴിഞ്ഞശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ആർ. സെൽവരാജ് : സർ, വിഴിഞ്ഞം തുറമുഖത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കോവളം-കന്യാകുമാരി ബൈപ്പാസിന്റെ പണി സ്തംഭനാവസ്ഥയിലാണ്. സ്ഥലമെടുപ്പുപോലും നടന്നിട്ടില്ല. സ്ഥലമെടുപ്പും മറ്റു പ്രവർത്തനങ്ങളും ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ബൈപ്പാസ് നിർമ്മാണം നമ്മുടെ പരിധിയിൽ വരുന്ന കാര്യമല്ല. കോവളം മുതൽ വിഴിഞ്ഞംവഴി കളിയിക്കാവിള വരെ 30 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡിലൂടെ ഭാരം കൂടിയ ട്രക്കുകൾ പോകുന്ന തരത്തിൽ 30 കോടി രൂപ മുടക്കി കെ.എസ്.ടി.പി.-യെക്കൊണ്ട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പണി പുരോഗമിച്ചുവരുന്നുണ്ട്.

ശ്രീ. വി. ശിവൻകുട്ടി : സർ, സംസ്ഥാനത്ത് ഏത് നല്ല പദ്ധതി നടപ്പിലാക്കിയാലും അതിന് 'എന്റെ ബേബി' എന്നുപറയുന്ന ഒരു സാഹചര്യമാണിന്നുള്ളത്. വിഴിഞ്ഞം പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ഫണ്ട് ആവശ്യപ്പെട്ടിരുന്നോ ; കേരള സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ട് വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിന് ഭാരിച്ച തുക ആവശ്യമുണ്ട്. ഇതിന്റെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് 2,500 കോടി രൂപ ആവശ്യമാണ്. അതിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 450 കോടി രൂപയാണ് സർക്കാർ മാറ്റിവച്ചിരിക്കുന്നത്. ഇതിനകത്ത് പങ്കാളിത്തം ലഭ്യമാക്കണമെന്നുള്ള ആവശ്യം ഞാൻതന്നെ നേരിട്ട് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇതുവരേയും അനുകൂലമായ മറുപടി ഉണ്ടായിട്ടില്ല. എന്നാലും സംസ്ഥാന ഗവൺമെന്റ് ഭൗതിക സാഹചര്യനിർമ്മാണം, റെയിൽ കണക്ടിവിറ്റി, ശുദ്ധജലം മറ്റ് അനുബന്ധ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന് മാത്രമല്ല ഇപ്പോൾ എല്ലാ പുരോഗതിയിലുമാണ്.

ശ്രീമതി ജെ. അരുന്ധതി : സർ, ഈ പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും ലഭ്യമായിട്ടുണ്ടോ; ഇതിൽ ആദ്യമായി തുടങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഈ പദ്ധതിക്കുവേണ്ടി കരഭാഗത്തുനിന്നും അക്വയർ ചെയ്യേണ്ട 120 ഹെക്ടർ ഭൂമിയുടെ അക്വിസിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏകദേശം 50 ഏക്കറോളം ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കമ്പനിയുടെ കൈവശമാണ്. ബാക്കി നെഗോസിയേഷൻ നടത്തി എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇനി ആധാരം നടത്തി അവരുടെ പ്രമാണം തന്ന് പണം വാങ്ങിക്കുന്ന നടപടി ക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളത്. അതിന് അതിന്റേതായ സമയമെടുക്കുന്നതാണ്. ഇപ്പോൾ വേറെ തടസ്സങ്ങളൊന്നുമില്ല. ആ നടപടികൾ പുരോഗമിച്ചുവരുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി ചാർജ്ജ് എടുത്തതിനുശേഷം ഭീമൻ പ്രോജക്ടുകളുടെ സെക്യൂരിറ്റി ക്ലിയറൻസിന്റെ എല്ലാ തടസ്സങ്ങളും നീക്കിയതായി പത്രമാധ്യമങ്ങളിൽ വാർത്തകൾ വരികയുണ്ടായി. പക്ഷെ ഇപ്പോൾ ചോദിച്ച ചില ചോദ്യങ്ങൾ അതിനേക്കാൾ വ്യത്യസ്തമായി വരികയും അതിനോട് സൈഡ് ചേർന്നു കൊണ്ട് അങ്ങൊരു മറുപടി പറയുകയും ചെയ്തു. ഇവിടെ വിഴിഞ്ഞം പ്രോജക്ട് നമുക്ക് ലഭിക്കാൻ കാലതാമസം വന്നതിന്റെ പ്രധാനപ്പെട്ട കാരണമെന്തെന്നാൽ, സൂം ഡെവലപ്പേഴ്സും കൊണ്ടപ്പള്ളി എന്നുപറയുന്ന ആന്ധ്രാപ്രദേശിലെ ഒരു കമ്പനിയും തമ്മിൽ കോൺട്രാക്ടിലുള്ള തർക്കം കോടതിവരെയെത്തിയതുകൊണ്ടാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ആ തർക്കം ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഗവൺമെന്റ് പക്ഷപാതപരമായി ഏതെങ്കിലും കമ്പനിക്ക് അനുകൂലമായി നിന്നിട്ടുണ്ടോ; അങ്ങനെ കേരള സംസ്ഥാനത്തിന് സെക്യൂരിറ്റി ക്ലിയറൻസ് അടക്കമുള്ള എല്ലാ കാര്യങ്ങളും പൂർത്തിയായതിനുശേഷവും ഈ കോൺട്രാക്ടിനെക്കുറിച്ചുള്ള തർക്കമാണ് ഇവിടെ വന്നുപെട്ടിട്ടുള്ള ഏറ്റവും ദൗർഭാഗ്യകരമായ കാര്യമെന്നാണ് കേരളത്തിലെ ജനങ്ങൾക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഈ പദ്ധതി കേരളത്തിന്റെ ഭാവിയെ ഏറ്റവും പ്രധാനമായി ബാധിക്കുന്നതാണ്. ഈ പദ്ധതി നടപ്പാക്കുന്നുവെന്നുപറഞ്ഞുകൊണ്ട് പത്രത്തിൽ ഞാനൊരു സപ്ലിമെന്റ് കാണാനിടയായിട്ടുണ്ട്. ആ സപ്ലിമെന്റിന്റെ അടിയിൽ ചെറുതായി അങ്ങോട്ടൊരുവഴി വെട്ടുന്നതായിട്ടാണ് പിന്നീട് കണ്ടത്. പദ്ധതി നടപ്പിലാക്കുന്നു എന്നുപറഞ്ഞ് ജനങ്ങളുടെ മുമ്പിൽ വ്യാജപ്രചരണം നടത്തുകയും ബഹുമാനപ്പെട്ട അങ്ങും എട്ടു മന്ത്രിമാരും ചേർന്നൊരു വഴിവെട്ടൽ, അത് യുക്തിപൂർവ്വമാണോ എന്നുള്ള ഗവൺമെന്റിന്റെ നിലപാട് ദയവായി വിശദീകരിക്കാമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അങ്ങ് തെറ്റിദ്ധരിക്കണ്ട, ഈ ചൈനീസ് കമ്പനിയുടെ സെക്യൂരിറ്റി ക്ലിയറൻസ് കിട്ടിയില്ലായെന്ന് ഞാൻ പറഞ്ഞത് 2005-ലെ കാര്യമാണ്. 2007-ലാണ് സൂം ഡെവലപ്പേഴ്സും ലാൻകോ കൊണ്ടപ്പള്ളിയുമായിട്ടുള്ള കേസ്സിന്മേൽ തീരുമാനമായത്. അതിൽ ശ്രീ. എ. കെ. ആന്റണി ഇടപെട്ടില്ലെന്നോ ഇടപെട്ടെന്നോ ഉള്ള ചോദ്യം ഇവിടെ വന്നതുമില്ല, ഞാൻ പറഞ്ഞതുമില്ല. സത്യം സത്യമായിട്ടുതന്നെ പറഞ്ഞു. ഞാനിപ്പോൾ ഇവിടെ പറഞ്ഞത് 2005-ലെ കാര്യമാണ്. 2005-ൽ സെക്യൂരിറ്റി

ക്ലിയറൻസ് നിഷേധിക്കപ്പെട്ടതുകൊണ്ടാണ് ആ പദ്ധതിയുമായി നമുക്ക് മുന്നോട്ടു പോകാൻ കഴിയാത്തത്. ഇപ്പോൾ ഇവിടെ നല്ല പുരോഗതിയിലാണ് വർക്കുകൾ നടക്കുന്നത്. എട്ട് മന്ത്രിമാരല്ല, പത്ത് മന്ത്രിമാർ വന്നാലും ഒന്നുമില്ല. പണ്ട് ഇവിടെ കാടും പുഴയും കടലും കല്ലും പാറയുമൊക്കെ കണ്ടിട്ട് ഇതാണ് വിഴിഞ്ഞമെന്നു ചൂണ്ടിക്കാണിക്കലായിരുന്നു. ഈ സർക്കാർ അത് വേർതിരിച്ച് വിഴിഞ്ഞം പദ്ധതിയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഇതാണെന്ന് തെളിയിച്ചിട്ടുണ്ട്. ഇവിടെ റോഡ്, റെയിൽവേ, ശുദ്ധജലം, മറ്റ് കണക്ടിവിറ്റീസ് അങ്ങനെ എല്ലാകാര്യങ്ങളും ഞങ്ങളൊരുക്കുന്നുണ്ട്. നിങ്ങൾ കടലിൽ റിക്ലെയിം ചെയ്ത് പോർട്ട് നിർമ്മിച്ചാൽ മതിയെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് ഒരുപടി മുന്നോട്ടു പോയപ്പോഴാണ് അന്താരാഷ്ട്ര തലത്തിൽ വിഴിഞ്ഞം പദ്ധതിക്കുവേണ്ടി നല്ല പ്രതികരണമുണ്ടായത്. ഇപ്പോഴാണ് വിഴിഞ്ഞം പദ്ധതിയുമായി ഗവൺമെന്റിന് ഇത്രയും മുന്നോട്ടുപോകാൻ കഴിഞ്ഞത്.

ശ്രീ. വി.ഡി. സതീശൻ : സർ, വളരെ വിചിത്രമായ മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിവിടെ പറഞ്ഞത്. വിഴിഞ്ഞം തുറമുഖം നിർമ്മിക്കുന്നതിന് അന്താരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനുവേണ്ടി അടിസ്ഥാനസൗകര്യങ്ങൾ അവിടെയൊരുക്കിയെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ നേരത്തെയുണ്ടായിരുന്ന കരാർ എന്നുപറയുന്നത് build and operate ആണ്. അവർതന്നെ പണംമുടക്കി അവർതന്നെ നിർമ്മിച്ച്, അവർക്കൊരു അക്കൗണ്ട ബിലിറ്റിയുണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ തലയിൽ 2500 കോടി രൂപയുടെ ബാദ്ധ്യത അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഒരു കൺസോർഷ്യം ഏർപ്പെടുത്തിക്കൊണ്ട് വരുന്ന കമ്പനികൾക്ക് കോൺട്രാക്ട് കൊടുക്കുകയാണ് ചെയ്യുന്നത്. അതിനെന്തിനാണ് അടിസ്ഥാന സൗകര്യം കാണിച്ച് ആളുകളെ ആകർഷിക്കേണ്ട കാര്യം! യഥാർത്ഥത്തിൽ എന്റെ ചോദ്യം, ഈ 2500 കോടി രൂപയുടെ ബാദ്ധ്യത, അതായത് ഒരു വർഷം 250 കോടി രൂപയിൽപ്പരം തിരിച്ചടവ് നൽകേണ്ട വലിയൊരു ബാദ്ധ്യത ഈ സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കുകയും വരുന്ന കമ്പനികൾ വേറൊരു കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ നമ്മൾ കൊടുക്കുന്ന പണം കൊണ്ട് ഇത് നടത്തിക്കൊണ്ടുപോകാതെ ഇത് നിർമ്മിക്കുകയെന്നുള്ള ജോലി മാത്രമല്ലേ അവർക്ക് കൊടുത്തിരിക്കുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഇതൊരു തെറ്റിദ്ധാരണകൊണ്ട് പറയുകയാണ്. ലാന്റ് ലോർഡ് മോഡലിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുമെന്ന് കേരള സർക്കാർ തീരുമാനിച്ചു. ഗവൺമെന്റാണ് അത് നിർമ്മിക്കുന്നത്. നമ്മൾ കൊടുക്കുന്ന കോൺട്രാക്ട് എടുത്ത് ചെയ്യാൻ ആൾ വന്നാൽ മതി. പണ്ട് അങ്ങനെയല്ല. ഈ സ്ഥലത്ത് ഒരു തുറമുഖം നിർമ്മിക്കണമെന്നായിരുന്നു 2005-ലും 2007-ലും ആവശ്യപ്പെട്ടിരുന്നത്. ആ തുറമുഖം നിർമ്മിക്കുന്നതിനുവേണ്ടി രണ്ടുപേരാണ് ആദ്യം വന്നത്. 2007-ൽ അഞ്ചുപേർ വന്നു. ഇപ്പോൾ സർക്കാർ ഇത്രയും മുന്നോട്ടുപോയപ്പോൾ അന്തർദേശീയ നിലവാരമുള്ള തുറമുഖ നിർമ്മാണവുമായി ബന്ധമുള്ള 14 പേരാണ് രംഗത്തുവന്നിരിക്കുന്നത്. അതുകൊണ്ട് ഇത് നടക്കുമെന്നുള്ള യാഥാർത്ഥ്യബോധം നമുക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ബോംബെ സംഭവ വികാസങ്ങളുടെ അടിസ്ഥാനത്തിൽ തീരദേശ സുരക്ഷയെന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. 1995-ൽ ചൈനയുമായി ബന്ധപ്പെട്ട കമ്പനിക്ക് സെക്യൂരിറ്റി ക്ലിയറൻസ് കൊടുത്തില്ലെന്ന് പറഞ്ഞതിന് രാഷ്ട്രീയമായി ദുർവ്യഖ്യാനം ചെയ്യുന്നത് നിർഭാഗ്യകരമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, രണ്ടു കമ്പനികൾ തമ്മിലുള്ള തർക്കത്തിൽ ഗവൺമെന്റ് സ്വീകരിച്ച പക്ഷപാതപരമായ നിലപാട് മൂലമാണ് ഈ പദ്ധതി നീണ്ടുപോകാൻ കാരണമായത്. അങ്ങ് ഇപ്പോൾ ഇൻഫ്രാസ്ട്രക്ച്ചറിനെക്കുറിച്ചും 50 കോടി രൂപ മുതൽമുടക്കുന്നതിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. 14 കമ്പനികളുടെ പേര് പറയുന്നുയെന്നല്ലാതെയും പദ്ധതി തുടങ്ങിയിരിക്കുന്നു എന്ന പ്രതീതി പുറത്തുകൊണ്ടുവരുവാൻ ശ്രമിക്കുന്നുയെന്നല്ലാതെയും പദ്ധതിയുടെ കാര്യത്തിൽ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, 1995 അല്ല. ദയവായി ശ്രീ.എം. മുരളി തിരുത്തണം, 2005-ലാണ് സെക്യൂരിറ്റി ക്ലിയറൻസ് നഷ്ടപ്പെട്ടത്. ഈ പദ്ധതി തുടങ്ങാൻ പോകുന്നു എന്നെങ്കിലും പറയാനുള്ള ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കാൻ കഴിഞ്ഞുവെങ്കിൽ അതിൽ ഭരണപക്ഷവും പ്രതിപക്ഷവും നോക്കണ്ട, എല്ലാപേരും കൂടി ചേർന്ന് അഭിനന്ദിക്കണം. കാരണം തുടങ്ങാനെങ്കിലും കഴിയുന്നല്ലോ, ഇത്രയും കാലമായി നമുക്ക് ചെയ്യാൻ പറ്റാത്ത ഒരു കാര്യം നമ്മൾ മുന്നോട്ടുകൊണ്ടുപോകുന്നതല്ലേ ഇതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട കാര്യം; ഇപ്പോൾ ടെന്റർ നടപടികളിൽ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ കൂടി സഹകരിച്ചിട്ടുണ്ട്. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ടെന്റർ അടിസ്ഥാനത്തിൽ വന്ന് ഈ വർക്ക് ചെയ്യാൻ തയ്യാറാണെന്ന് നമ്മളോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, തെക്കൻ കേരളത്തിൽ വിഴിഞ്ഞം തുറമുഖം പോലെ വടക്കൻ കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു തുറമുഖമാണ് അഴീക്കൽ തുറമുഖം, അഴീക്കൽ തുറമുഖത്തിന്റെ വികസന കാര്യത്തിൽ സമീപകാലത്തായി നല്ല ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. അവിടെ വ്യാപാരക്കപ്പൽ അടുക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്; ലക്ഷദ്വീപിൽനിന്ന് അഴീക്കൽ തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ട് വ്യാപാരം നടത്താനുള്ള ശ്രമങ്ങൾ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതിന് കാര്യമായ പ്രതികരണം ഇതുവരെ സംസ്ഥാന ഗവൺമന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അക്കാര്യത്തിൽ അടിയന്തരമായി ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം അഴീക്കൽ തുറമുഖവുമായി ബന്ധപ്പെട്ട് പുതിയതായി ഒരു വാർഫ് നിർമ്മാണപ്രവൃത്തി ഏകദേശം പത്ത് ദിവസംകൂടി കഴിയുമ്പോൾ പൂർത്തിയാകും.

അതിനുശേഷം മൗത്ത് ഡ്രഡ്ജ് ചെയ്താൽ മാത്രമേ 2.5 വരെ അല്ലെങ്കിൽ 3 വരെ ഡ്രാഫ്ടുള്ള കപ്പലിന് അവിടെ കയറാൻ സാധിക്കുകയുള്ളു. അടിയന്തരമായിട്ട് അവിടെ കേരള മാരിറ്റൈം ഡെവലപ്മെന്റ് കോർപ്പറേഷന്റെ അതായത് സർക്കാരിന്റെതന്നെ ഒരു ഡ്രഡ്ജർ ഉപയോഗിച്ച് ഡ്രഡ്ജിംഗ് നടപടികൾ പുരോഗമിക്കുകയാണ്. ഏതാണ്ട് പത്തിരുപത് ദിവസത്തിനകം ഡ്രഡ്ജിംഗ് നടപടികൾ പൂർത്തിയാക്കിയാൽ അവിടെ കപ്പലടുപ്പിക്കുവാൻ കഴിയുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഡിഫൻസ് മിനിസ്റ്ററിയുടെ ക്ലിയറൻസ് കിട്ടാൻ വൈകിയതാണ് ടേക്ക് ഓഫ് ചെയ്യാൻ കാരണമെന്നാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. വിഴിഞ്ഞത്തെ പ്രാന്ത പ്രദേശങ്ങളിൽ അധികമായിവരുന്ന സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളായിരുന്നു ഇതു കഴിഞ്ഞതിനുശേഷം ഉണ്ടായിരുന്ന തടസ്സം. അതോടൊപ്പം എസ്.ബി.ടി.-യുമായി 2500 കോടി രൂപയുടെ ഒരു കൺസോർഷ്യത്തിന് ഏർപ്പാടായിട്ടുണ്ടെന്ന് പറയുകയുണ്ടായി. എത്രനാൾ കൊണ്ട് ഇതുകാരണമായി ഉണ്ടാകുന്ന കമ്മിറ്റ്മെന്റ് അടച്ചുതീർക്കും ; അതിന്റെ ഇന്ററസ്റ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, എസ്.ബി.ടി.-യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യത്തിന്റെ ഇന്ററസ്റ്റ് റേറ്റിനെക്കുറിച്ച് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്, ചർച്ച പൂർത്തിയായിട്ടില്ല. ഈ ഫെബ്രുവരി മാസംതന്നെ ഗവൺമെന്റ് എസ്.ബി.ടി.-യുമായുള്ള കൺസോർഷ്യത്തിന് എം.ഒ.യു. ഒപ്പുവയ്ക്കുന്നതാണ്. അതിൽ റേറ്റും റേറ്റ് ഓഫ് ഇന്ററസ്റ്റും എന്താണെന്നുള്ളത് വ്യക്തമായിട്ട് പറയുന്നതാണ്.

ശ്രീ. കെ. രാജു : സർ, കൊല്ലം തുറമുഖത്തിനുവേണ്ടി ഈ ഗവൺമെന്റ് 20 കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. നയപ്രഖ്യാപനപ്രസംഗത്തിൽ 160 കോടി രൂപ ചെലവഴിക്കുമെന്നുപറഞ്ഞിരിക്കുന്നത് വളരെ അഭിനന്ദനാർഹമായിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കൊല്ലം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നാൽ അത് കുറച്ചുകൂടി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് മുപ്പത് കോടി രൂപവരെ കൊല്ലം തുറമുഖത്തിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. അവിടെ വാർഫ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് ; ഡ്രഡ്ജിംഗും ഏകദ്ദേശം പൂർത്തിയാക്കിയിട്ടുണ്ട്, കൂടാതെ റോഡ് നിർമ്മാണത്തിന്റെ പ്രവൃത്തിയും ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ നടപടികളെല്ലാം പുരോഗമിച്ചുവരികയാണ്. കൊല്ലം തുറമുഖത്ത് കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധനങ്ങൾ കയറ്റിയയ്ക്കാൻ സാധിക്കുമെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. റോഡ് നിർമ്മാണം കൂടി പൂർത്തിയാക്കിയാൽ കൊല്ലം തുറമുഖത്ത് ചരക്കിറക്കാനും സാധിക്കും. എത്രയുംവേഗം അതിന്റെ പണി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇപ്പുറത്ത് ഇരിക്കുന്ന ഞാനും ശ്രീ. ജോർജ് മേഴ്സിയറും ഉൾപ്പെടെയുള്ള എം.എൽ.എ.-മാരും അതിൽ സംബന്ധിച്ചതാണ്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്തിട്ട് ഇപ്പോൾ ആറ് മാസം കഴിഞ്ഞിരിക്കുകയാണ്. ഈ ആറ് മാസത്തിനുള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കൂടുതലായി അവിടെ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവിടെ നേരത്തെ ഒരു പ്രവൃത്തിയും നടന്നിട്ടുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു കഴിഞ്ഞതിനുശേഷമാണ് വാർഫിലേക്കുള്ള 600 മീറ്റർ റോഡിന്റെ നിർമ്മാണം ആരംഭിച്ചത്. രണ്ടാമത്, കോവളം മുതൽ വിഴിഞ്ഞംവഴി കളിയിക്കാവിളയ്ക്കുള്ള 30 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡ് നിർമ്മാണം ആരംഭിച്ചു. അവിടെയുള്ള ആളുകളുടെ കൈവശത്തുനിന്നും മുമ്പ് ഒരു സെന്റ് ഭൂമി പോലും വാങ്ങിയിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ ഏകദേശം 50 ഏക്കറോളം സ്ഥലം ഗവൺമെന്റ് വിലകൊടുത്ത് വാങ്ങിക്കഴിഞ്ഞുവെന്നുമാത്രമല്ല ബാക്കി നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. ഈ നടപടികളെല്ലാം അന്ന് മുഖ്യമന്ത്രി വന്ന് ഉദ്ഘാടനം ചെയ്തതിനുശേഷം നടത്തിയ പ്രവർത്തനങ്ങളാണ്.

ശ്രീ. തോമസ് ചാണ്ടി : സർ, കൊല്ലത്തും തിരുവനന്തപുരത്തുമൊക്കെ തുറമുഖ പ്രവർത്തനം നടത്തുന്നതിനുമുമ്പ് പഴയകാലത്ത് കേരളത്തിൽ വലിയ പ്രതാപമായി നടന്നുകൊണ്ടിരുന്ന തുറമുഖമാണ് ആലപ്പുഴ തുറമുഖം. ആ പാലത്തിന്റെ അവസ്ഥ അങ്ങേയ്ക്ക് അറിയാം. അത് പുനരുജ്ജീവിപ്പിക്കാൻ ഈ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ ; ആ പാലം പുനർനിർമ്മാണം ചെയ്ത് തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി അങ്ങയുടെ പരിപാടിയിലുണ്ടോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ആലപ്പുഴ തുറമുഖം പഴയകാലത്തുതന്നെ വലിയ പ്രതാപമുള്ള പേരുകേട്ട തുറമുഖമായിരുന്നു. അതിന്റെ കുറവുകൾ പരിശോധിച്ച് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, വിഴിഞ്ഞം, വിഴിഞ്ഞം എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ കടൽ ഏതാണ് റെയിൽ ഏതാണ് എന്ന് കാണാൻ തുടങ്ങിയത് അദ്ദേഹം വന്ന ശേഷമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇനി എന്തെങ്കിലും അവിടെ കാണാൻ ബാക്കിയുണ്ടോ ; ഇനി എന്തെങ്കിലും തടസ്സമുണ്ടോ ; ഇനി എന്ന് ഇത് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഞാൻ വന്നതിനുശേഷമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷമെന്നാണ് ഞാൻ പറഞ്ഞത്. കേട്ടതിന്റെ പിശകാണ്. ഈ സർക്കാർ വന്നതിനുശേഷമാണ് ഏറ്റവും നല്ലൊരു മുന്നേറ്റം ഉണ്ടായത്. ബാക്കിയുള്ള കാര്യങ്ങൾ ഞങ്ങൾ മുന്നോട്ട് കൊണ്ടുപോകും. ഈ സർക്കാരിന്റെ കാലത്തുതന്നെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ട്രക്ക് ടെർമിനൽ ബാക്ക് അപ് ഏരിയ സ്ഥലം ഏറ്റെടുക്കുന്നതുമായ പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ബാക്ക് അപ് ഏരിയായ്ക്ക് ആകെ വേണ്ടത് 16.9820 ഹെക്ടർ സ്ഥലമാണ്. അതിലിപ്പോൾ 3 ഏക്കറോളം സ്ഥലമാണ് ഏറ്റെടുത്തിരിക്കുന്നത്. ബാക്കി സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, 2002-ൽ ആരംഭിച്ച് ഇപ്പോൾ അടുത്ത കാലത്ത് വൈകിയ വേളയിൽ സൽബുദ്ധിതോന്നി കല്ലിട്ട വിഴിഞ്ഞം പദ്ധതിയെ ആരും അഭിനന്ദിച്ചില്ല എന്നാണ് അങ്ങയുടെ ദുഃഖം. വളരെ ആത്മാർത്ഥമായി ഈ വൈകിവന്ന വിവേകംമൂലം ഷെഡ്ഡുകിലും പണിതു തുടങ്ങാൻ കഴിഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദനെയും പുതിയ തുറമുഖ വകുപ്പുമന്ത്രി ശ്രീ. വി. സുരേന്ദ്രൻ പിള്ളയേയും ഞാൻ അഭിനന്ദിക്കുന്നു. എനിക്ക് ചോദിക്കാനുള്ളത്, 1700 ഏക്കർ ഭൂമി ആവശ്യമാണെന്ന് പറഞ്ഞ് നിങ്ങൾ നാട്ടിൽ സമരം ഉണ്ടാക്കുകയുണ്ടായി. വെറും 250 ഏക്കർ ഭൂമി വേണ്ടിടത്താണ് ഇങ്ങനെ ആരോപണമുണ്ടാക്കിയത്. അനാവശ്യമായി തർക്കങ്ങളുണ്ടാക്കാൻ ഇടതുപക്ഷ ഗവൺമെന്റുതന്നെ നേതൃത്വം കൊടുത്ത് ജനങ്ങളിൽനിന്ന് പ്രക്ഷോഭണങ്ങളുണ്ടായി, കോടതിയിൽപോയി, ഈ സഭയിൽ അടിയന്തരപ്രമേയം ഉൾപ്പെടെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ഞാൻ അതിലേക്ക് ഒന്നും പോകുന്നില്ല. അങ്ങയുടെ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത കൊണ്ടല്ലേ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇത്രമാത്രം വൈകാൻ കാരണമായത് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് 120 ഹെക്ടർ മതി ബാക്കി 110 ഹെക്ടർ റിക്ലെയിംഡ് ലാന്റ് മതിയെന്ന് ഈ ഗവൺമെന്റ് തന്നെയാണ് തീരുമാനിച്ചത്. ആദ്യം നോട്ടിഫൈ ചെയ്തപ്പോൾ കുറെയധികം സർവ്വേ നമ്പരുകൾ നോട്ടിഫൈ ചെയ്തത് തെറ്റിദ്ധാരണയുണ്ടാക്കുകയും അത് ചില ആളുകൾ മുതലെടുത്ത് ഈ ഗവൺമെന്റിനെതിരെ തിരിച്ചുവിടാൻ ശ്രമിക്കുകയുമുണ്ടായി. അത് ആരെന്ന് ഞാൻ പറയുന്നില്ല. അത്രയും സ്ഥലംവേണ്ട, 120 ഹെക്ടർമതിയെന്ന് ഈ സർക്കാർതന്നെ തീരുമാനമെടുത്ത് പറഞ്ഞപ്പോൾ അവിടത്തെ ആളുകൾ അത് വിശ്വാസത്തിലെടുക്കുകയും ഇപ്പോൾ അവരെല്ലാം സഹകരിക്കുകയും ചെയ്യുന്നു. അവിടെ ഇപ്പോൾ യാതൊരു പ്രശ്നവുമില്ല.

ശ്രീ. കെ. ബാബു : സർ, വിഴിഞ്ഞം തുറമുഖമെന്നു പറഞ്ഞാൽ അവിടെ ഒന്നും ഉണ്ടായിരുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇപ്പോൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുന്ന വല്ലാർപാടത്തിന്റെ കാര്യത്തിലും ഇതുതന്നെയായിരുന്നു സ്ഥിതി. അവിടെയും ഒന്നും ഉണ്ടായിരുന്നില്ല. ദുബായ് പോർട്ട് അത് ഡെവലപ്പ് ചെയ്തെടുത്തു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തുകൊണ്ട് ടെന്റർ വിളിക്കുന്നതിന്റെയും മറിച്ച് ചെയ്യുന്നതിന്റെയും

വ്യത്യാസം സ്വാഭാവികമായിട്ടും ഉണ്ടാകും. രാജ്യരക്ഷാ വകുപ്പുമന്ത്രി ഇടപ്പെട്ടന്നോ ഇടപ്പെട്ടില്ലെന്നോ പറയുന്നില്ലായെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഏതാണ് ശരിയെന്ന് ഒന്ന് വ്യക്തമാക്കുമോ ; എന്റെ ചോദ്യം, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ ഉറപ്പ് വരുത്തുന്നതിനായി നിർദ്ദിഷ്ട ബാങ്കുകളുടെ കൺസോർഷ്യം പ്രവർത്തന സജ്ജമാക്കേണ്ടതാണ് എന്നാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കുക യുണ്ടായോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : 450 കോടി രൂപയിൽ ഇപ്പോൾ ഏതാണ്ട് 50 കോടി രൂപയോളം ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കി ചെലവഴി ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇവിടെ സൂചിപ്പിച്ച നിർദ്ദിഷ്ട ബാങ്കുകളുടെ കൺസോർഷ്യവുമായിട്ട് ഈ മാസംതന്നെ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രം

3 (*2) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിന് വകുപ്പ് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രത്തിന്റെ വിശദാംശം നൽകുമോ ;

(ബി) സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) തൊഴിലും വരുമാനവും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ഉത്തേജക പാക്കേജ് സാമ്പത്തികമാന്ദ്യം നേരിടുന്നതിന് എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കി യിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള മാന്ദ്യവിരുദ്ധ പാക്കേജാണ് വകുപ്പ് ആവിഷ്ക്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly